**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4793** **20-07-2022 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം റോഡിലെ കുഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരത്തെ ശംഖുമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | തിരുവനന്തപുരത്തെ ശംഖുമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവത്തിൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാനും ഇവരെ കരിമ്പട്ടികയിൽപ്പെടുത്താനും നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത റോഡിന്റെ പുനർനിർമ്മാണം നടത്തുന്നത് തിരുവനന്തപുരം നഗരപാതാ വികസന പദ്ധതിയുടെ കൺസഷണർ ആയ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ 2004-ൽ വച്ച എഗ്രിമെന്റിൽ തന്നെ ഇത്തരം കേടുപാടുകൾ ശരിയാക്കാനുള്ള വ്യവസ്ഥ ഉള്ളതിനാൽ ഇതിനായി സർക്കാരിൽ നിന്നും ടെണ്ടർ നടപ്പിലാക്കുകയോ ആയതിന് പ്രത്യേകമായി തുക നൽകേണ്ടതായോ ഉള്ള ആവശ്യമില്ല. കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഗുണനിലവാരത്തിലാണ് റോഡ് പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നത്. ഈ ഭാഗത്ത് 22.02.2027 വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനി തന്നെയാണ്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽ അത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്തം കൺസഷണർ കമ്പനിക്കു തന്നെയാണ്. പ്രസ്തുത സംഭവം കരാറുകാരന്റെ വീഴ്ചമൂലം സംഭവിച്ച ഒന്നല്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ